# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1246**.

**06-03-2018 ൽ മറുപടിയ്ക്ക്**

## പ്രതിവർഷ നെല്ലുല്പാദനതോത്

**ചോദ്യം**

ശ്രീ.മുല്ലക്കര രത്നാകരൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്നത് എത്ര ഹെക്ടർ സ്ഥലത്താണ് എന്ന് വ്യക്തമാക്കാമോ ; | (എ) | 2017-18 സാമ്പത്തിക വർഷം 220449 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിട്ടുണ്ടെന്നാണ് കൃഷി വകുപ്പിന്റെ നക്കൽ കണക്ക്. |
| (ബി) | ശരാശരി നെല്ലുല്പാദനം ഹെക്ടറിൽ എത്രയെന്ന് വെളിപ്പെടുത്താമോ ; | (ബി) & (സി) | 2016-17 സാമ്പത്തിക വർഷം ഹെക്ടറിൽ നിന്നും ശരാശരി 3820 കിലോഗ്രാം നെല്ല് (2546 കിലോഗ്രാം അരി) ആയിരുന്നു ഉല്പാദനക്ഷമത. ഇത് ഈ വർഷം വർദ്ധിപ്പിക്കണം എന്ന് പ്രതീക്ഷിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് ഈ നൂറ്റാണ്ടിലെ ഏറ്റവും കഠിനമായ വരൾച്ചമൂലം കഴിഞ്ഞ അഞ്ച് വർഷത്തിനിടയ്ക്ക് ഏറ്റവും കുറഞ്ഞ നെല്ലുത്പാദനമാണ് 2016-17 വർഷത്തിലുണ്ടായത്. വിവിധ ജില്ലകളിലായി 36891.22 ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കിയെങ്കിലും ഉണക്ക ബാധിച്ച് കൃഷി നഷ്ടപ്പെട്ടിരുന്നു. രണ്ടാം വിളയ്ക്കായി തയ്യാറാക്കിയിരുന്ന ഞാറ്റടി തന്നെ ഉണങ്ങിപ്പോയ അവസ്ഥയുണ്ടായി. ഇതിനു പുറമേ പാലക്കാട് ജില്ലയിൽ 13990 ഹെക്ടർ സ്ഥലത്ത് വിതയ്ക്കാൻ സാധിക്കാതെ പോകുകയും ചെയ്തു. <br> കഴിഞ്ഞ അഞ്ച് വർഷത്തെ നെല്ലിന്റെ ഉല്പാദനവും ശരാശരി ഉല്പാദനക്ഷമതയും ചുവടെ ചേർക്കുന്നു. |
| (സി) | പ്രതിവർഷ നെല്ലുല്പാദനതോത് വിശദമാക്കാമോ? | | |

| വർഷം | ഉല്പാദനം | ഉല്പാദനക്ഷമത (കിലോ/ഹെക്ടർ) |
|---|---|---|
| 2012-13 | 762448.5 ടൺ നെല്ല് | 3865 |
| 2013-14 | 846487.5 ടൺ നെല്ല് | 4241 |
| 2014-15 | 843138 ടൺ നെല്ല് | 4255 |
| 2015-16 | 823912.5 ടൺ നെല്ല് | 4185 |
| 2016-17 | 654724.5 ടൺ നെല്ല് | 3820 |

സെക്ഷൻ ഓഫീസർ